# പതിമൂന്നാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4930 01/07/13-ൽ മറുപടിക്ക്

## മത്സ്യസമൃദ്ധി പദ്ധതിയുടെ നേട്ടങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) 'മത്സ്യസമൃദ്ധി' പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോല്പാദനം മൂന്ന് വർഷങ്ങൾ കൊണ്ട് ഒരു ലക്ഷം ടൺ അധികമായി വർദ്ധിപ്പിക്കുന്നതിലേയ്ക്ക് ആവിഷ്കരിച്ചിട്ടുള്ളതും 2012-15 വർഷത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ, സഹകരണത്തോടെ നടപ്പിലാക്കി വരുന്നതുമാണ് മത്സ്യസമൃദ്ധി പദ്ധതി.<br><br>കുളങ്ങളിലേയും ജലസംഭരണികളിലേയും ശുദ്ധജല മത്സ്യകൃഷി, പാടശേഖരങ്ങളിലേയും കോൾ പാടങ്ങളിലേയും മത്സ്യ/ചെമ്മീൻ കൃഷി, സംയോജിത മത്സ്യകൃഷി, പൊക്കാളി / കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻകൃഷി, കരിമീൻ വിത്തുല്പാദന വിപണന യൂണിറ്റുകൾ, കുളത്തിലെ കരിമീൻകൃഷി, കൂടുകളിലെ കരിമീൻകൃഷി, അടുക്കള കുളങ്ങൾ, ഞണ്ട് കൃഷി, കല്ലുമ്മേക്കായ കൃഷി, പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, മത്സ്യകൃഷി പരിശീലന/ബോധവത്കരണ പരിപാടികൾ സൗജന്യ വിള ഇൻഷ്വറൻസ്, മികച്ച കർഷകർക്ക് അവാർഡ്, മത്സ്യകൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനം, കർഷകർക്കാവശ്യമായ കൈപ്പുസ്തകം തയ്യാറാക്കൽ എന്നിവയാണ് മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ. |

(ബി) ഇതിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

(ബി)

| നം | ഒന്നാം വർഷം ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങൾ | ഒന്നാം വർഷം കൈവരിച്ച നേട്ടം |
|---|---|---|
| 1 | പദ്ധതിയിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം 750. | 905 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുകയും 56,684 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| 2 | ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കൃഷി - 5000 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു | 5466.317 ഹെക്ടറിൽ മത്സ്യ/ ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. |
| 3 | പാടശേഖര മത്സ്യ/ആറ്റുകൊഞ്ച് കൃഷി - 1540 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു | 1544 ഹെക്ടറിൽ മത്സ്യവിത്ത് നിക്ഷേപം പൂർത്തിയായി. |
| 4 | ഓരുജല ചെമ്മീൻകൃഷി - 2000 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു | 31-01-13ന് 1929 ഹെക്ടർ പൂർത്തീകരിച്ചു. |
| 5 | കരിമീൻകൃഷിയുടെ ഭാഗമായി നടപ്പിലാക്കുന്ന കരിമീൻവിത്ത് പരിപാലന യൂണിറ്റ് - 50, അടുക്കളക്കുളം - 1000 എണ്ണം. കൂടുകളിലെ കരിമീൻ കൃഷി 100 യൂണിറ്റ്, കുളത്തിലെ കരിമീൻകൃഷി 50 ഹെക്ടർ എന്നിങ്ങനെ 14 ജില്ലകളിലായി ലക്ഷ്യമിട്ടിരുന്നു | എല്ലാ ജില്ലകളിലും ലക്ഷ്യമിട്ട പ്രകാരം പദ്ധതി നടപ്പിലാക്കി. |
| 6 | കല്ലുമ്മേക്കായ കൃഷി 1000 യൂണിറ്റ് ലക്ഷ്യമിട്ടിരുന്നു | 1046 യൂണിറ്റ് പൂർത്തിയാക്കി |
| 7 | ഞണ്ട് കൃഷി 50 യൂണിറ്റ് ലക്ഷ്യമിട്ടിരുന്നു | 35 യൂണിറ്റ് പൂർത്തിയാക്കി |
| 8 | 14 ജില്ലകളിലെയും പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ (1.5 ലക്ഷം രൂപ/ ജില്ല = 21 ലക്ഷം രൂപ) | 14 ജില്ലകളിലും പദ്ധതിയ്ക്ക് അനുവദിച്ച 21 ലക്ഷം രൂപ പൂർണ്ണമായി വിനിയോഗപ്പെടുത്തി പദ്ധതി പൂർത്തീകരിച്ചു. 3715181 മത്സ്യ/ ആറ്റ്കൊഞ്ച്/ ചെമ്മീൻ വിത്ത് സംസ്ഥാനത്തെ 38 ജലപ്രദേശങ്ങളിലായി നിക്ഷേപിക്കുകയുണ്ടായി. |
| 9 | 14 ജില്ലകളിലായി 5000 പുതിയ കർഷകർക്ക് പരിശീലനം നൽകാൻ ലക്ഷ്യമിട്ടു. | 14 ജില്ലകളിലുമായി 9039 കർഷകർക്ക് പരിശീലനം നൽകി |
| 10 | മത്സ്യ/ചെമ്മീൻ കൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തൽ | ഓരുജല ചെമ്മീൻ കൃഷി - 4000/ഹെക്ടർ<br>ശുദ്ധജല മത്സ്യകൃഷി - 2500/ഹെക്ടർ<br>ഓരു ജല മത്സ്യകൃഷി - 2500/ഹെക്ടർ |

| | | |
|---|---|---|
| | | കല്ലുമ്മേക്കായ കൃഷി - 225/25 ചതുരശ്ര മീറ്റർ കൂട്കൃഷി-1200/യൂണിറ്റ് എന്നിങ്ങനെ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിട്ടു. 245.122 ഹെക്ടർ ശുദ്ധ ജല മത്സ്യകൃഷിയ്ക്കും 496.8 ഹെക്ടർ പാടശേഖര മത്സ്യകൃഷിയ്ക്കും 1604 ഹെക്ടർ ഓരുജല ചെമ്മീൻ കൃഷിയ്ക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തി. |
| 11 | പഞ്ചായത്ത് തല അക്വാകൾച്ചർ കോർഡിനേറ്റർ മാർ - 660 | ആകെ 739 അക്വാകൾച്ചർ കോർഡിനേറ്റർമാരെ പഞ്ചായത്ത് തലത്തിൽ നിയമിച്ചു. |
| 12 | പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്ന വിളവെടുപ്പ് – ശുദ്ധ ജല മത്സ്യ/ആറ്റുകൊഞ്ച് 15000 ടൺ, പാടശേഖര മത്സ്യ/ആറ്റുകൊഞ്ച് കൃഷി- 4500 ടൺ, ഓരുജല ചെമ്മീൻ കൃഷി - 2000 ടൺ, കല്ലുമ്മേക്കായ - 3000 ടൺ, കരിമീൻ - 100 ടൺ, ഞണ്ട് - 300 ടൺ. | പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ശുദ്ധജലാശയങ്ങളിൽ നിന്ന് 14,152 ടണ്ണും പാടശേഖരങ്ങളിൽ നിന്ന് 2900 ടണ്ണും ഓരുജലാശയങ്ങളിൽ നിന്ന് 1899 ടൺ ചെമ്മീനും 25 ടൺ കരിമീനും 250 ടൺ കല്ലുമ്മേക്കായയും നാളിതുവരെ വിളവെടുപ്പിലൂടെ ലഭ്യമായിട്ടുണ്ട് (ഭാഗീക വിളവെടുപ്പ്) |
| 13 | ഒന്നാം വർഷം പ്രതീക്ഷിച്ച വരുമാനം 13050 ലക്ഷം രൂപ | വിളവെടുപ്പ് കണക്കനുസരിച്ച് 13099.65 ലക്ഷം രൂപയുടെ വരുമാനം ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ